പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .346 29/06/2015-ൽ മറുപടിക്ക്

## സൗജന്യ വൈദ്യുതി പോസ്റ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നിർദ്ധന ജനവിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ് ;<br><br>(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്? | (എ) യും (ബി)യും.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 01.12.2014 വരെ അപേക്ഷിച്ച എല്ലാ ബി.പി.എൽ അപേക്ഷകർക്ക് പൂർണ്ണമായി സൗജന്യമായും പ്ലിന്ത് ഏരിയ 1000 Sq ft. നു താഴെയുള്ള എ.പി.എൽ അപേക്ഷകർക്ക് വെതർ പ്രൂഫ് ഭാഗത്തിന്റെ മാത്രം എസ്റ്റിമേറ്റ് തുക ഈടാക്കി പോസ്റ്റ് ആവശ്യമുള്ള ഓവർഹെഡ് ലൈൻ സൗജന്യമായി നിർമ്മിച്ച് കൊണ്ടും കണക്ഷൻ നൽകിയിരുന്നു. കൂടാതെ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മേൽപറഞ്ഞ വിഭാഗങ്ങൾക്ക് 30.09.2015 വരെ തുടർന്നും കണക്ഷൻ നൽകുന്നതിനു ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>കൂടാതെ ഈ 4 ജില്ലകളിൽ RGGVY പദ്ധതി കഴിയുമ്പോഴും മറ്റ് 10 ജില്ലകളിൽ കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ)-ൽ ഉൾപ്പെടുത്തിയും ബി.പി.എൽ അപേക്ഷകർക്ക് സൗജന്യമായി പോസ്റ്റ് ആവശ്യമുള്ള ഓവർഹെഡ് ലൈനും വെതർ പ്രൂഫും നിർമ്മിച്ച് കണക്ഷൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ